**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1963** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഓഡിറ്റർ കന്നട തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 1989 ജനുവരി 24-ലെ കേരള ഗസറ്റിൽ കേരള പി.എസ്.സി. വിജ്ഞാപനപ്രകാരം കേരള ഓഡിറ്റ് വകുപ്പിലെ 5 ഒഴിവുകളിലേക്കുള്ള ഓഡിറ്റർ കന്നട നോയിങ് തസ്തികയിലേക്ക് എത്രപേർക്ക് നിയമനം നൽകി; നിയമനം ലഭിച്ചവരുടെ പേരുവിവരങ്ങളും പ്രസ്തുത ഉദ്യോഗസ്ഥർ നിലവിൽ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഡിറ്റർ കന്നട നോയിങ് തസ്തികയിലേക്ക് 5 പേർക്ക് നിയമനം നല്കിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർ നിലവിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. രാജരാമ .സി - വിരമിച്ചു<br>2. ലോകേഷ ആചാരി .ബി - വിരമിച്ചു<br>3. മഹേശ .ബി - വിരമിച്ചു<br>4. ജയശ്രീ .വി - വകുപ്പ് വിട്ടു പോയി<br>5. പി. മോഹനൻ - വിരമിച്ചു |
| (ബി) | പ്രസ്തുത വിജ്ഞാപനപ്രകാരം നിയമനം ലഭിച്ചവർക്ക് സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | 25.03.2010-ലെ ജി.ഒ.(പി)നം.197/10/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ ഓഡിറ്റർ കന്നട തസ്തികയുടെ യോഗ്യതകളും സ്ഥാനക്കയറ്റം സംബന്ധിച്ചും വ്യക്തമായി പറഞ്ഞിട്ടും പ്രസ്തുത തസ്തിക തന്നെ ഇല്ലാതാക്കിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | കന്നട നോയിങ് ഓഡിറ്റർമാരുടെ തസ്തികകൾ പ്രത്യേകമായി നീക്കിവച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റദ്ദാക്കിയിട്ടില്ല. ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഓഡിറ്റർമാരുടെ സംസ്ഥാനതല പി.എസ്.സി ലിസ്റ്റിൽ നിന്നുമാണ് നികത്തിയിട്ടുള്ളത്. |
| (ഡി) | നിലവിൽ ഓഡിറ്റർ കന്നട തസ്തിക റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവുകളുണ്ടോ; ഇല്ലെങ്കിൽ കന്നട ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അർഹതപ്പെട്ട പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് | (ഡി) | കന്നട നോയിങ് ഓഡിറ്റർമാരുടെ തസ്തികകൾ പ്രത്യേകമായി നീക്കിവച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റദ്ദാക്കിയിട്ടില്ല. ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ കാലാകാലങ്ങളിൽ |

| | | | |
|---|---|---|---|
| | ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | നിലവിലുണ്ടായിരുന്ന ഓഡിറ്റർമാരുടെ സംസ്ഥാനതല പി.എസ്.സി ലിസ്റ്റിൽ നിന്നുമാണ് നികത്തിയിട്ടുള്ളത്. |
| (ഇ) | കാസർഗോഡ് ജില്ലയിൽ എത്ര ഓഡിറ്റർ തസ്തികയാണുള്ളത്; എത്ര ഓഡിറ്റർ കന്നട തസ്തികയാണ് അനുവദിച്ചിട്ടുള്ളത്; നിലവിൽ എത്രപേർ പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്നു; എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (ഇ) | കാസർഗോഡ് ജില്ലയിൽ 3 ഓഡിറ്റർ തസ്തികകളാണുള്ളത്. ഓഡിറ്റർ കന്നട തസ്തിക പ്രത്യേകമായി നീക്കി വച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റർ തസ്തികയിൽ നിലവിൽ വരുന്ന ഒഴിവുകളിൽ കാലാകാലങ്ങളിലെ ഓഡിറ്റർമാരുടെ സംസ്ഥാനതല പി.എസ്.സി ലിസ്റ്റിൽ നിന്നുമാണ് നിയമനം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ